3356
23/3/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് പ്രസവാവധി മൂലം 179 ദിവസം സേവനം പൂർത്തിയാക്കാൻ സാധിക്കാത്ത ശ്രീമതി.കുമാരി ശ്രീകല.ഐ.കെ യുടെ സേവന ദിവസങ്ങൾ 179 ആയി ക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർവ്വകലാശാലയിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ പുനർ/റഗുലർ നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്)നം.19/15/സാ.നീ.വ തിരുവനന്തപുരം, തീയതി 23.3.2015

---

പരാമർശം-
1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. കേരള സർവ്വകലാശാല രജിസ്ട്രാറുടെ 19.12.2014 ലെ Ad.AI/7659/2014-1 നമ്പർ കത്ത്.
3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 5.2.2015-ലെ H4-11622/14 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു.

2. പരാമർശം 2 ലെ കേരള സർവ്വകലാശാല രജിസ്ട്രാറുടെ കത്തിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 24.3.2000 മുതൽ 1.9.2000 വരെയുള്ള കാലയളവിൽ 162 ദിവസം താൽക്കാലിക സേവനമനുഷ്ഠിച്ച ശ്രീമതി.കുമാരി ശ്രീകല.ഐ.കെ പ്രസവാവധിയിലായിരുന്ന 2.9.2000 മുതൽ 18.9.2000 വരെയുള്ള 17 ദിവസം ബഹു:ഹൈക്കോടതിയുടെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടിയാളെ നിയമനത്തിന് പരിഗണിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു.

3. പരാമർശം 3 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ പ്രസവാവധി മൂലം 179 ദിവസം സേവനം പൂർത്തീകരിക്കാത്ത ശ്രീമതി.കുമാരി ശ്രീകല.ഐ.കെ യുടെ സേവനം 179 ദിവസമായി ക്രമീകരിച്ച് കേരള സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതിനാൽ ടിയാളെ സ്ഥിരനിയമനത്തിന് പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ചുവടെ നൽകിയിരിക്കുന്ന പ്രൊഫോർമ അനുസരിച്ച് ശ്രീമതി.കുമാരി ശ്രീകല.ഐ.കെയ്ക്ക് കേരള സർവ്വകലാശാലയിൽ പരാമർശം 1 ലെ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചും ടി ജീവനക്കാരി സർവ്വീസിൽ നിന്ന് പെൻഷനായി പിരിഞ്ഞുപോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തിക ഇല്ലാതാവുന്ന തരത്തിലും ടി ഉദ്യോഗാർത്ഥിക്ക് ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം ഉപയോഗിച്ച് കേരള സർവ്വകലാശാലയിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ പുനർ/റഗുലർ നിയമനം നൽകി ഉത്തരവാകുന്നു.

| Name and Address | Age & Date of Birth | Post, Office & Department | Period From To |
|---|---|---|---|
| Kumari Sreekala.I.K, Ramakrishna vilasam, Anacode, Veeranakavu.P.O, Kattakkada | 44 16.5.1971 | Assistant Gr.II Kerala University, Thiruvananthapuram | 24.3.2000 to 18.9.2000 |

5. അംഗപരിമിതയായ ശ്രീമതി.കുമാരി ശ്രീകല.ഐ.കെ യുടെ വൈകല്യ സർട്ടിഫിക്കറ്റ്, റിലീവിംഗ് /ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, സേവന പുസ്തകം തുടങ്ങിയവയുടെ അസ്സൽ രേഖകൾ വിശദമായി പരിശോധിച്ച് വകുപ്പ് മേധാവി സ്വയം ബോധ്യപ്പെട്ടതിനു ശേഷം ടിയാൾക്ക് മേൽ പ്രകാരമുള്ള സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ & ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ